## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2096** 17/02/2016-ൽ മറുപടിക്ക്

## പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ പഴശ്ശിസാഗർ ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരവും ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകുകയും ഭരണാനുമതി നൽകുകയും ചെയ്തെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | **(എ)യും (ബി)യും**<br>കണ്ണൂർ ജില്ലയിലെ പഴശ്ശിസാഗർ ജല വൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പദ്ധതി നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) പദ്ധതി പ്രവർത്തനങ്ങൾക്കായി 3.05 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി. ക്കു കൈമാറുന്നതിനുള്ള അപേക്ഷ ജല വിഭവ വകുപ്പിനു സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | **(സി)യും (ഡി)യും**<br>പദ്ധതി നടപ്പിലാക്കുന്നതിന് ജല വിഭവ വകുപ്പിന്റെ എൻ.ഒ.സി.യും സ്ഥലം കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശവും ജലവിഭവ വകുപ്പുമായി ചേർന്ന് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്